"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

നമ്പർ.സി4/226/2024/തൊഴിൽ 17-03-2026,തിരുവനന്തപുരം

സ്പെഷ്യൽ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് വഴിയുള്ള ഹാജർനില അനുസരിച്ച് ശമ്പളം പ്രോസസ് ചെയ്യുന്നത്- സംബന്ധിച്ച്

സൂചന:- 1) 31/07/2025 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്.
2) താങ്കളുടെ 23/12/2025 ലെ ഡി.ടി/6385/2022/എ7 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വ്യാവസായിക പരിശീലന വകുപ്പിൽ ഒരു താൽക്കാലിക സംവിധാനമെന്ന നിലയിൽ എൻ.ഐ.സി വികസിപ്പിച്ചെടുത്ത ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ ആപ്ലിക്കേഷൻ മുഖേന സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കി പ്രസ്തുത സംവിധാനത്തിന്റെ അടിസ്ഥാനത്തിലുള്ള അറ്റൻഡൻസ് അനുസരിച്ച് മാത്രം സാലറി പ്രോസസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സൂചന ഒന്നിലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2) എന്നാൽ സാധാരണ ഓഫീസ് ഷിഫ്റ്റിൽ (രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ അല്ലെങ്കിൽ രാവിലെ 10:15 മുതൽ വൈകുന്നേരം 5:15 വരെ) ജോലി ചെയ്യുന്നവരുടെ ശമ്പളം വരും മാസം മുതൽ SPARK ബന്ധിത പഞ്ചിംഗ് സംവിധാനം വഴിയുള്ള ഹാജർനില ശമ്പളവുമായി ബന്ധിപ്പിച്ച് മാത്രമേ പ്രോസസ് ചെയ്യുവാൻ പാടുള്ളൂവെന്നും ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെയും പഞ്ചിംഗ് ശമ്പള സൈക്കിളിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെയും ഹാജർ കൺട്രോളിംഗ് ഓഫീസർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച ശമ്പളം നൽകുവാനും നിർദ്ദേശവും നൽകിയിരുന്നു. കൂടാതെ പഞ്ചിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സൂചന ഒന്നിലെ കത്ത് പ്രകാരം നൽകിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കുലർ പുറപ്പെടുവിക്കാൻ



ile No. DT 6385 2022-A7 (Computer No. 192557)
Generated from eOffice by SAINA S, A 7, DTTVPM, A7 DTTVPM INDUSTRIAL TRAINING DEPARTMENT on 23/07/2026 10:15 AM

ആവശ്യപ്പെടുകയും ചെയ്തിരുന്നു.

3) തുടർന്ന് ജീവനക്കാരുടെയും ശമ്പളം SPARK ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വഴിയുള്ള ഹാജർനില അനുസരിച്ചുള്ള സാലറി സൈക്കിളിൽ ഉൾപ്പെടുത്തി പ്രോസസ്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സൂചന 2 പ്രകാരം താങ്കൾ ആവശ്യപ്പെട്ട സ്പഷ്ടീകരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്പഷ്ടീകരണം ആവശ്യമായ വിഷയങ്ങൾ | സ്പഷ്ടീകരണം/മറുപടി |
|---|---|---|
| 1 | ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പഞ്ചിംഗ് സമയം<br>MOP പ്രകാരം അരമണിക്കൂർ നേരത്തെ ഹാജരാകേണ്ട 332 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ പ്രത്യേക ഷിഫ്റ്റിൽ (9.30/9.45) ഉൾപ്പെടുത്തണോ അതോ ജനറൽ ഷിഫ്റ്റിൽ (10.00/10.15) ഉൾപ്പെടുത്തണോ എന്നത് സംബന്ധിച്ച്. | MOP പ്രകാരം അരമണിക്കൂർ നേരത്തെ ഹാജരാകേണ്ട ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ പുതിയ ഒരു ഉത്തരവ് ഉണ്ടാകും വരെ രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ അല്ലെങ്കിൽ രാവിലെ 10:15 മുതൽ വൈകുന്നേരം 5:15 വരെയുള്ള ഓഫീസ് ഷിഫ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ് |
| 2 | ടെക്നിക്കൽ ജീവനക്കാരുടെ ഷിഫ്റ്റ് ക്രമീകരണം<br>വകുപ്പിലെ 2/3 ഭാഗം വരുന്ന ടെക്നിക്കൽ ജീവനക്കാർ നിലവിൽ സ്പാർക്കിലെ ജനറൽ ഷിഫ്റ്റിൽ ഉൾപ്പെടുന്നില്ല. ഇവരുടെ ജോലി സമയം (ഉദാ: 7.50 - 3.00) സ്പാർക്കിൽ ഉൾപ്പെടുത്തുന്നത്<br><br>വയനാട് ജില്ലയിലെ ഐ.ടി.ഐ ജീവനക്കാർക്ക്<br>വയനാട് ജില്ലയിലെ ഐ.ടി.ഐ ട്രെയിനിംഗ് സമയം വ്യത്യസ്തമായതിനാൽ (8.20 - 3.30, 9.30 - 4.40), ഈ സമയക്രമം കൂടി സ്പാർക്കിൽ ഉൾപ്പെടുത്തുന്നത്<br><br>വാച്ച്മാൻമാരുടെ ഡ്യൂട്ടി സമയം | • നിലവിൽ സ്പാർക്കിൽ വിവിധ ഷിഫ്റ്റ് അനുസരിച്ച് ജീവനക്കാരെ സോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.<br>• ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും, മറ്റ് കാരണങ്ങളാൽ SPARK ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിലെ ശമ്പള സൈക്കിളിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുമായ ജീവനക്കാരുടെ ഹാജർ വിവരങ്ങൾ കൺട്രോളിംഗ് ഓഫീസർമാർ ബന്ധപ്പെട്ട ബില്ലിംഗ് സീറ്റുകളിലും വകുപ്പിലെ ഹാജർ നിരീക്ഷിക്കുന്ന സെക്ഷനിലും (Attendance Monitoring Section) നൽകേണ്ടതാണ്.<br>• ഈ ജീവനക്കാരുടെ അവധികൾ |



ile No. DT/6385/2022-A7 (Computer No. 192557)
Generated from eOffice by SAINA S, A 7, DTTVPM, A7 DTTVPM INDUSTRIAL TRAINING DEPARTMENT on 23/07/2026 10:15 AM

| | | |
|---|---|---|
| | ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വാച്ച്മാൻമാരുടെ ഹാജർ സ്പാർക്കിൽ എങ്ങനെ ക്രമീകരിക്കണം എന്നതിൽ ഉള്ള നിർദ്ദേശം | SPARK വഴി സമർപ്പിച്ച് ക്രമീകരിക്കേണ്ടതാണ്. Controlling Authority/Supervisors നൽകുന്ന അവധി സ്റ്റേറ്റ്മെന്റ് പരിശോധിച്ച് അവധികൾ SPARK-ൽ ക്രമീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷം മാത്രമേ ശമ്പള ബിൽ പ്രോസസ് ചെയ്യാവൂ.<br>• SPARK ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിലെ ശമ്പള സൈക്കിളിൽ നിന്ന് ഒഴിവാക്കപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ ഹാജർ നിരീക്ഷിക്കുന്ന സെക്ഷന് കൃത്യസമയത്ത് നൽകണം. ഈ പട്ടിക ഓരോ മാസവും അപ്ഡേറ്റ് ചെയ്യുകയും കൃത്യമാണെന്ന് ഉറപ്പാക്കുകയും വേണം.<br>• ഇത്തരം ജീവനക്കാരുടെ ഹാജർ ബുക്കുകൾ റിപ്പോർട്ടിംഗ് ഓഫീസർമാർ കൃത്യമായി സൂക്ഷിക്കണം, കൂടാതെ അവധികൾ SPARK വഴി ക്രമീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുകയും വേണം.<br>• ഓരോ മാസത്തെയും ശമ്പള ബിൽ തയ്യാറാക്കുന്നതിനായി ഈ ജീവനക്കാരുടെ അറ്റൻഡൻസ് സ്റ്റേറ്റ്മെന്റ് റിപ്പോർട്ടിംഗ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ബില്ലിംഗ് സീറ്റുകളിൽ ലഭ്യമാക്കണം.അറ്റൻഡൻസ് സ്റ്റേറ്റ്മെന്റ് ലഭ്യമല്ലാത്തപക്ഷം ഡി.ഡി.ഒമാർ ശമ്പള ബിൽ ഒരു കാരണവശാലും തയ്യാറാക്കാൻ പാടില്ല |
| 3 | ഒന്നിലധികം ഓഫീസുകളിൽ ചുമതലയുള്ളവർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെപ്പോലെ ഒന്നിലധികം ഓഫീസുകളിൽ (ഉദാ: | വ്യാവസായിക പരിശീലന വകുപ്പ് കൂടാതെ ഒന്നിലധികം ഓഫീസുകളിൽ ജോലി ചെയ്യേണ്ടി വരുന്നവർ വ്യവസായിക പരിശീലന വകുപ്പിൽ നിന്നും മറ്റ് |



ile No. DT/6385/2022-A7 (Computer No. 192557)
Generated from eOffice by SAINA S, A 7, DTTVPM, A7 DTTVPM, INDUSTRIAL TRAINING DEPARTMENT on 23/07/2026 10:15 AM

| | | |
|---|---|---|
| | KASE) ജോലി ചെയ്യേണ്ടി വരുന്നവരുടെ ഹാജർ എങ്ങനെ രേഖപ്പെടുത്തണം എന്നതിലുള്ള വ്യക്തത | ഓഫീസുകളിലേക്ക് ഡ്യൂട്ടിക്ക് പോകുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ഡ്യൂട്ടി സ്പാർക്കിൽ OD ആയി ക്രമീകരിക്കേണ്ടതാണ് |
| 4 | ശമ്പളം പ്രോസസ്സ് ചെയ്യുന്നതിലെ തടസ്സം<br>എല്ലാ തസ്തികകളും ഷിഫ്റ്റ് അടിസ്ഥാനത്തിൽ സ്പാർക്കിൽ ക്രമീകരിക്കുന്നത് വരെ, പഞ്ചിംഗ് മുഖേന ശമ്പളം പ്രോസസ്സ് ചെയ്യുന്നതിൽ നിന്ന് 108 സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന ആവശ്യം | സെക്രട്ടറിയേറ്റ് ഉൾപ്പെടെ വിവിധ വകുപ്പുകളിൽ സാധാരണ ഓഫീസ് ഷിഫ്റ്റുകളിൽ [രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ അല്ലെങ്കിൽ രാവിലെ 10:15 മുതൽ വൈകുന്നേരം 5:15 വരെ] അല്ലാതെ മറ്റ് ഷിഫ്റ്റുകളിൽ ജോലി ചെയ്യുന്നവരെ പഞ്ചിങ്ങുമായി ബന്ധപ്പെടുത്തിയിട്ടുള്ള സാലറി സൈക്കിളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് . അതുകൊണ്ടുതന്നെ വ്യാവസായിക പരിശീലന വകുപ്പിൽ വരും മാസം മുതൽ സാധാരണ ഓഫീസ് ഷിഫ്റ്റുകളിൽ (രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ അല്ലെങ്കിൽ രാവിലെ 10:15 മുതൽ വൈകുന്നേരം 5:15 വരെ) ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും ശമ്പളം SPARK ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വഴിയുള്ള ഹാജർനില അനുസരിച്ചുള്ള സാലറി സൈക്കിളിൽ ഉൾപ്പെടുത്തി മാത്രമേ പ്രോസസ് ചെയ്യുവാൻ പാടുള്ളൂ.<br>ഭാവിയിൽ മറ്റ് ഷിഫ്റ്റുകൾ SPARK-ൽ ഉൾപ്പെടുത്തുന്ന മുറക്ക് ആ ഷിഫ്റ്റുകളിൽ ഉള്ള ഉദ്യോഗസ്ഥരെ പഞ്ചിങ്ങുമായി ബന്ധപ്പെടുത്തിയിട്ടുള്ള സാലറി സൈക്കിളിൽ ഉൾപ്പെടുത്താവുന്നതാണ് |

4) മേൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ സ്പഷ്ടീകരണം നൽകുന്നതോടൊപ്പം വ്യാവസായിക പരിശീലന വകുപ്പിൽ വരും മാസം മുതൽ സാധാരണ ഓഫീസ് ഷിഫ്റ്റുകളിൽ (രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ അല്ലെങ്കിൽ രാവിലെ 10:15 മുതൽ വൈകുന്നേരം 5:15 വരെ) ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും ശമ്പളം SPARK ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വഴിയുള്ള ഹാജർനില



ile No. DT/6385/2022-A7 (Computer No. 192557)
Generated from eOffice by SAINA S, A 7, DTTVPM - A7 DTTVPM INDUSTRIAL TRAINING DEPARTMENT on 23/07/2026 10:15 AM

അനുസരിച്ചുള്ള സാലറി സൈക്കിളിൽ ഉൾപ്പെടുത്തി മാത്രം പ്രോസസ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. **<u>ഇക്കാര്യത്തിലുള്ള പുരോഗതി റിപ്പോർട്ട് രണ്ടാഴ്ചയിലൊരിക്കൽ വീഴ്ച വരുത്താതെ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.</u>** കൂടാതെ അനാവശ്യകാലതാമസങ്ങൾ ഉണ്ടാക്കി ഈ സംവിധാനം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഈ സംവിധാനം യഥാസമയം നടപ്പിലാക്കാത്തത് വഴി ഭാവിയിൽ ഉണ്ടായേക്കുന്ന ഓഡിറ്റ് ഒബ്ജക്ഷനുകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികൾ ആയിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,
എൻ.കെ.ചന്ദ്ര
അഡിഷണൽ സെക്രട്ടറി
സ്പെഷ്യൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Usha Rani L
Date: 17-03-2026 16:52:49
സെക്ഷൻ ഓഫീസർ.



ile No. DT/6385/2022-A7 (Computer No. 192557)
Generated from eOffice by SAINA S, A 7, DTTVPM, A7 DTTVPM, INDUSTRIAL TRAINING DEPARTMENT on 23/07/2026 10:15 AM

മേലെഴുത്ത് നം -DT/6385/2022-A7,തീയതി 22-07-2026

പകർപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

Digitally signed by
VASUDEVAN P
Date: 22-07-2026
23:52:26

സ്വീകർത്താവ്:എല്ലാ സ്ഥാപന മേധാവികൾക്കും

പകർപ്പ് :ഓഡിറ്റ് സെക്ഷൻ ,ട്രെയിനിംഗ് ഡയറക്ടറേറ്റ്

സ്റ്റോക്ക് ഫയൽ A7